(ബി) ലൈനകം സ്ഥാപിക്കാത്ത പോലീസ് സ്റ്റേഷനുകളുടെ താലൂക്ക് തിരിച്ചുള്ള ഒരു പട്ടിക തരുവാൻ ദയവുണ്ടാകുമോ;

(സി) ലൈനകം ഇല്ലാത്ത സ്റ്റേഷനു ലൈൻ ഉടനേ സ്ഥാപിക്കുവാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) ഇല്ല.

(ബി) *പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) വളരെയധികം പണച്ചിലവുള്ളതാകകൊണ്ട് ഉടനേ ലൈനകം സ്ഥാപിക്കുവാൻ പ്രയാസമാണ്. കുറേശ്ശയായി ലൈനകം പണിയിക്കുവാനുള്ള പദ്ധതി ആലോചനയിലിരിക്കുകയാണ്.

ചെമ്മീൻപരിപ്പ് കയറ്റി അയക്കൽ.

240. [45] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ചെമ്മീൻപരിപ്പ് ബമ്മായിലേക്ക് കയറ്റി അയക്കുന്നതിനു് ആവശ്യമായിരുന്ന open general licence സമ്പ്രദായം തല്ക്കാലികമായി ബമ്മാ ഗവണ്മെൻറ് നിറുത്തൽ ചെയ്തിട്ടുണ്ടോ?

(ബി) 25 ലക്ഷത്തിൽപ്പരം ഉറുപ്പികയുടെ ചെമ്മീൻപരിപ്പ് കൊച്ചിയിലും വൈപ്പിൻകര മുതലായ പ്രദേശങ്ങളിലും കയറ്റി അയയ്ക്കുവാൻ ഗത്യന്തരമില്ലാതെ ഗോഡൗണുകളിൽ കെട്ടിക്കിടപ്പുണ്ടോ?

(സി) ഈ വിഷമസ്ഥിതിയിൽനിന്നും തൊഴിലാളികളേയും, ചെറുകിട വ്യവസായികളേയും രക്ഷിക്കുന്നതിനു് ആവശ്യമായ നടപടി ഉടനെ എടുക്കുമോ?

ഉത്തരം.

(എ) ചെമ്മീൻപരിപ്പ് ബമ്മാ ഗവണ്മെൻറ് open general licence ലിസ്റ്റിൽനിന്നും നീക്കംചെയ്തതായി അറിയുന്നു.

(ബി) അങ്ങിനെ കൂടി കിടപ്പുള്ളതായി അറിവുണ്ട്.

(സി) വേണ്ട നടപടി ഉടനെ എടുക്കുന്നതാണ്.

UNSTARRED QUESTIONS POSTED FOR ANSWER ON 1-4-1955.

ചാരുംകുഴി—മോട്ടലുംമൂടറോഡ്.

241. [1] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര താലൂക്കിലുള്ള ചാരുംകുഴി മോട്ടലുംമൂടറോഡ് മെറ്റൽ ചെയ്തിട്ട് എത്ര കാലമായി?

(ബി) പ്രസ്തുത റോഡ് ഇപ്പോൾ നാൽക്കാലികൾക്കുപോലും നടന്നുപോവാനാവാത്ത രീതിയാണെന്നു ഗവണ്മെൻറിനറിയാമോ?

*Please see Appendix IX.

LIBRARY ARCHIVES Kerala Legislative Assembly